**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 246** **04-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര അധ്യാപകരുടെ സേവനം ലഭ്യമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം/ കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ പ്രൊഫസർ, റീഡർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് ഡി.പി.സി കൂടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവുള്ള മുഴുവൻ പ്രൊഫസർ തസ്തികകളിലെയും 4 റീഡർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയും ഒഴിവുകൾ നികത്തപ്പെടും. ആയതിനു ശേഷം വരുന്ന 9 റീഡർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേക്ക് നിയമനം നടത്തണമെങ്കിൽ പ്രസ്തുത തസ്തികകയിൽ പി.എസ്.സി വഴി നേരിട്ടുള്ള നിയമനം നടത്തുകയോ അല്ലെങ്കിൽ ലക്ചറർ/ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിൽ പി.എസ്.സി വഴി വരുന്നവർക്ക് 4 വർഷത്തിനു ശേഷം പ്രൊമോഷൻ നൽകി നികത്തുകയോ ചെയ്യേണ്ടി വരും. എൻട്രി കേഡർ തസ്തികയായ ലക്ചറർ/ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് പി.എസ്.സി-ൽ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തസ്തികയിലെ പ്രായപരിധിയെ ചൊല്ലി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള കേസിൻമേലുള്ള ബഹു. ട്രൈബ്യൂണലിന്റെ നിർദ്ദേശമനുസരിച്ച് ടി തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് പി.എസ്.സി. താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. പി.എസ്.സി. വഴിയുള്ള സ്ഥിര നിയമനത്തിന്റെ അഭാവത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടത്തി അധ്യാപകരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിലെ സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജിൽ അധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (ബി) | കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ പ്രൊഫസർ തസ്തികയിൽ 5 ഉം റീഡർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 7 ഉം |

| | | | |
|---|---|---|---|
| | | | ലക്ചറർ/ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 15 ഉം ഒഴിവുകളാണ് ഉള്ളത് |
| (സി) | പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (സി) | പ്രസ്തുത ഒഴിവുകളിൽ പ്രൊഫസർ, റീഡർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ ഡി.പി.സി. ചേർന്ന് ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ലക്ചറർ/ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഓരോ വ്രഷത്തെ കാലാവധിയിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ